# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

നമ്പർ: ജി2/35918/14.　　　　　　　　ചാക്ക, തിരുവനന്തപുരം
　　　　　　　　　　　　　　　　　　തീയതി: 14.10.2014

## <u>വിജ്ഞാപനം</u>

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ്- (1-ാംസെമസ്റ്റർ) ജനുവരി 2015 - സെപ്തംബർ 2014 ൽ നടത്തിയ 1-ാം സെമസ്റ്റർ എസ്.സി.വി.ടി പരീക്ഷയിൽ വിജയിച്ച ട്രെയിനികൾക്കും, എസ്.സി.വി.ടി പരീക്ഷ പൂർണ്ണമായും വിജയിച്ച ട്രെയിനികൾക്കും പ്രൈവറ്റ് ട്രെയിനിയായി പരീക്ഷ എഴുതുന്നതിനുള്ള അപേക്ഷ ക്ഷണിക്കുന്നത് സംബന്ധിച്ച്.

സൂചന;- ഡി.ജി.ഇ.റ്റിയുടെ 27.5.14 ലെ ഡി.ജി.ഇ.റ്റി-19(07)-(14)/2014-സി.ഡി.നമ്പർ കത്ത്

***************

സൂചന കത്ത് പ്രകാരം എസ്.സി.വി.ടി സെമസ്റ്റർ പ്രകാരം ഒരു സെമസ്റ്റർ പരീക്ഷ എഴുതി പാസായ ട്രെയിനിക്ക് അതേ ട്രേഡിൽ അതേ സെമസ്റ്ററിലെ എൻ.സി.വി.ടി പ്രൈവറ്റ് ട്രെയിനിയായി പരീക്ഷ എഴുതാവുന്നതാണെന്ന് ഡി.ജി.ഇ.റ്റി അറിയിച്ചിട്ടുണ്ട്. ഇതിൻപ്രകാരം• 2015 ജനുവരി മാസത്തിൽ നടക്കുന്ന 1-ാം സെമസ്റ്റർ അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിൽ പ്രൈവറ്റ് ട്രെയിനിയായി പരീക്ഷ എഴുതുന്നതിന് എസ്.സി.വി.ടി 1-ാം സെമസ്റ്റർ പാസായ ട്രെയിനികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

നിർദ്ദിഷ്ഠം യോഗ്യതയുള്ള ട്രെയിനികൾ **06.11.2014 വൈകുന്നേരം 3 മണിക്ക്** മുൻപായി എസ്.സി.വി.ടി കോഴ്സ് പഠിച്ചുകൊണ്ടിരിക്കുന്ന സർക്കാർ ഐ.ടി.ഐ. പ്രിൻസിപ്പാളിന് നിശ്ചിത മാതൃകയിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

### I. <u>അപേക്ഷകന് വേണ്ട യോഗ്യതകൾ.</u>

1. അപേക്ഷിക്കുന്ന ട്രേഡിലെ ഒന്നാം സെമസ്റ്റർ എസ്.സി.വി.ടി പരീക്ഷ പാസായിരിക്കണം
2. എസ്.സി.വി.ടി പരീക്ഷ പൂർണ്ണമായും പാസ്സായിരിക്കണം.

### II. <u>അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ</u>

1. അടിസ്ഥാന യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
2. എസ്.സി.വി.ടി ഒന്നാം സെമസ്റ്റർ പാസ്സായിട്ടുണ്ട് എന്ന് തെളിയിക്കുന്ന പ്രിൻസിപ്പാളിന്റെ സാക്ഷ്യപത്രം (ഫോർമാറ്റ് 1)
3. ഒന്നാം സെമസ്റ്റർ പരീക്ഷ വിജയിച്ച ഹാൾടിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ കോപ്പി
4. എസ്.സി.വി.ടി പരീക്ഷ പൂർണ്ണമായി വിജയിച്ച ട്രെയിനികൾ (എസ്.ടി.സിയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉള്ളടക്കം ചെയ്യേണ്ടതാണ്).

### III. <u>പൊതുവായ നിർദ്ദേശങ്ങൾ</u>

1. എൻ.സി.വി.ടി ഓരോ ട്രേഡുകൾക്കും പ്രത്യേകമായ അടിസ്ഥാന യോഗ്യതകൾ നിശ്ചയിച്ചിട്ടുണ്ട്. അപേക്ഷിക്കുന്ന ട്രേഡിന് നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന യോഗ്യത അപേക്ഷകനുണ്ടായിരിക്കണം. പ്രവേശന യോഗ്യത സംബന്ധിച്ച വിവരം നോഡൽ

ഐ.ടി.ഐ. പ്രിൻസിപ്പാൾമാരിൽ നിന്നും ലഭിക്കുന്നതാണ്. **www.det.kerala.gov.in** എന്ന വെബ്സൈറ്റിലും വിവരങ്ങൾ ലഭ്യമാണ്.

2. അപേക്ഷാ ഫീസായി ആയിരം രൂപ (1000/-)*"0230-ലേബർ ആന്റ് എംപ്ലോയ്മെന്റ് -00-800-അദർ റസീപ്റ്റ്-88- അദർ ഐറ്റംസ്"* എന്ന ശീർഷകത്തിൽ സംസ്ഥാനത്തെ ഏതെങ്കിലും ട്രഷറിയിൽ ഒടുക്കിയതിന്റെ അസ്സൽ ചെലാൻ അപേക്ഷയോടൊപ്പം ഹാജരാക്കണം.
3. ഒരിക്കൽ അടച്ച അപേക്ഷാ ഫീസ് യാതൊരു കാരണവശാലും മടക്കി നൽകുകയോ, വേറെ ഏതെങ്കിലും രീതിയിൽ ക്രമീകരിക്കുകയോ ചെയ്യുന്നതല്ല.
4. പ്രാക്ടിക്കൽ പരീക്ഷയിൽ മെഷീനുകളിൽ വർക്ക് ചെയ്യണ്ടവർ പരീക്ഷയ്ക്ക് മുൻപായി നൂറ് രൂപ(100/-) അതാത് ഐ.ടി.ഐ. പ്രിൻസിപ്പാൾമാരിൽ ജാമ്യ നിക്ഷേപം അടയ്ക്കേണ്ടതും, പ്രാക്ടിക്കൽ പരീക്ഷ കഴിഞ്ഞതിനു ശേഷം ബാദ്ധ്യത യൊന്നുമില്ലായെന്ന് കണ്ടാൽ ടി തുക മടക്കി നൽകുന്നതുമാണ്.
5. ഒന്നാം ഘട്ട സൂക്ഷ്മ പരിശോധനകൾ അതാത് ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ നടത്തേണ്ടതാണ്. എസ്.സി.വി.ടി പരീക്ഷ പൂർണ്ണമായി വിജയിച്ച ട്രെയിനികൾ എസ്.ടി.സിയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉള്ളടക്കം ചെയ്യേണ്ടതാണ്. കൂടാതെ പ്രൊഫോർമ 2 തയ്യാറാക്കി അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.അപേക്ഷിക്കുന്ന ട്രെയിനികളുടെ വിവരം പ്രത്യേക അഡ്മിഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തി ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതാണ്. ഡയറക്ടറേറ്റിൽ നിന്ന് ആവശ്യപ്പെടുന്ന മുറയ്ക്ക് ടി രജിസ്റ്റർ ഹാജരാക്കേണ്ടതാണ്.
6. വിജ്ഞാപന പ്രകാരമുള്ള യോഗ്യത, പ്രിൻസിപ്പാളിന്റെ സാക്ഷ്യപത്രം, അപേക്ഷകന്റെ ഒപ്പ് എന്നിവ ഇല്ലാത്ത അപേക്ഷകൾ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ തന്നെ പരിശോധിച്ച് ഐ.ടി.ഐ. തലത്തിൽ തന്നെ നിരസിക്കേണ്ടതും, നിരസിക്കുന്ന അപേക്ഷയുടെ വിവരം ബന്ധപ്പെട്ട അപേക്ഷകന് രേഖാമൂലം അറിയിക്കേണ്ടതുമാണ്. ശുപാർശ ചെയ്യുന്ന അപേക്ഷകൾ മാത്രമേ ഡയറക്ടറേറ്റിൽ എത്തിക്കാൻ പാടുള്ളൂ. ഇതിൽ വീഴ്ച വരുത്തുന്ന പ്രിൻസിപ്പാൾമാർക്കെതിരെ ഡിപ്പാർട്ട്മെന്റ് തലത്തിൽ കർശന ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതാണ്.
7. പ്രിൻസിപ്പാൾ ശുപാർശ ചെയ്യുന്ന അപേക്ഷകൾ 10.11.2014 ന് **വൈകുന്നേരം 3 മണിക്ക്** മുൻപായി ട്രെയിനിംഗ് ഡയറക്ടറേറ്റിൽ പ്രത്യേക ദൂതൻ മുഖാന്തിരം എത്തിച്ചിരിക്കേണ്ടതാണ്.
8. വിദ്യാഭ്യാസ യോഗ്യത, ജനനതീയതി എന്നിവ തെളിയിക്കുന്നതിനായി എസ്.എസ്.എൽ.സി.യുടെ ബന്ധപ്പെട്ട പേജിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കേണ്ടതാണ്.

9. ട്രേഡ് ടെസ്റ്റ് നടത്തുന്ന തീയതി, സമയം, പരീക്ഷ കേന്ദ്രം, ഹാൾ ടിക്കറ്റ് വിതരണം തുടങ്ങിയ കാര്യങ്ങൾ ഐ.ടി.ഐ. പ്രിൻസിപ്പാൾമാരിൽ നിന്നും അറിയാൻ കഴിയുന്നതാണ്.

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

എല്ലാ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർക്കും.

*കുറിപ്പ്:-* ഡയറക്ടറേറ്റിൽ ശുപാർശ ചെയ്ത് അയക്കുന്ന അപേക്ഷയോടൊപ്പം താഴെ പ്പറയുന്ന രേഖകൾ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്ന് ബന്ധപ്പെട്ട ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ നിർബന്ധമായും ഉറപ്പ് വരുത്തേണ്ടതാണ്.

1. വിദ്യാഭ്യാസ യോഗ്യത, ജനന തീയതി എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
2. അപേക്ഷകന്റെ 2 ഫോട്ടോ.
3. അപേക്ഷിക്കുന്ന ട്രേഡിൽ ഒന്നാം സെമസ്റ്റർ എസ്.സി.വി.ടി.പരീക്ഷ വിജയിച്ചിട്ടുണ്ട് എന്ന് രേഖപ്പെടുത്തിയ പ്രിൻസിപ്പാളിന്റെ സാക്ഷ്യപത്രം
4. ഒന്നാം സെമസ്റ്റർ എസ്.സി.വി.ടി.പരീക്ഷയിൽ വിജയിച്ച ഹാൾടിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്
5. എസ്.സി.വി.ടി.പരീക്ഷ പൂർണ്ണമായി വിജയിച്ച ട്രെയിനികളാണെങ്കിൽ ലഭിച്ച എസ്.ടി.സിയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കേണ്ടതാണ്.

എ)–13.10.14

# APPLICATION FOR THE CANDIDATES WHO PASSED THE 1ST SEMESTER SCVT TRADE TEST FOR APPEARING ALL INDIA TRADE TEST 1st SEMESTER AS PRIVATE CANDIDATES - JANUARY 2015

(Photo)

| | | | |
|---|---|---|---|
| 1. | Name (In Block letters) | : | |
| 2. | Name of Father | : | |
| 3. | Place and date of birth | : | |
| 4. | Address to which communications are to be sent (in block letters) with Pin code, Phone no: and e-mail ID: | : | |
| 5. | Permanent Address | : | |
| 6. | Educational Qualification *(Attested copy to be attached)* | : | |
| 7. | Religion & Caste. | | |
| 8. | Whether the Applicant passed 1st Semester SCVT *(Certificate from Principal)*<br>If yes, Roll No:<br>Trade: | | |
| 9 | Whether the Applicant passed the SCVT Exam (Copy of STC enclosed)<br>Roll No:<br>Trade:<br>Month/Year of Trade Test | | |
| 10. | Name of Trade applied | : | |

Place:
Date:

Signature of the applicant.

## In the Case of SCVT 1st Semester Passed
## Proforma-I

Certified that Shri/Smt.......................................................passed 1st Semester SCVT Trade Test held September 2014 in ....................Trade, His/ Her Roll No................

Place: Signature
Date: (Office Seal) (Name & Designation of Principal)

*Recommendation of concerned ITI's Principals.*

I do hereby state that He/She................passed 1st Semester SCVT Trade Test in .............trade held September/2014 and his/her Roll No................ Hence ***Recommended*** the application for considering to permit 1st Semester All India Trade Test conducted in January/2015 as private candidate in.................trade

Place: Signature
Date: (Office Seal) (Name & Designation of Principal

## In the Case of SCVT Trade Test passed

## Proforma-II

Certified that Shri/Smt.......................................................passed SCVT Trade Test held ................. in ....................Trade, Roll No................ the STC No..................

Place: Signature
Date: (Office Seal) (Name & Designation of Principal)

*Recommendation of concerned ITI's Principals.*

I do hereby state that He/She................passed SCVT Trade Test in ............trade held .....................trade test, he/she got STC No................. and his/ her Roll No. is ...............Hence ***Recommended*** to appear 1st Semester All India Trade Test as private candidate held in January2015

Place: Signature
Date: (Office Seal) (Name & Designation of Principal

ൾ)13.10.14